എമ്മാവൂസ്
# വചനദൂത്
Volume- 11
Issue- 26
25 December 2016

പിറവിക്കാലം ഒന്നാം ഞായർ മത്താ 2: 1–12

## പുൽക്കൂട്ടിൽ സമ്പന്നത

ഫാ. ഗ്രേഷ്യസ് പുളിമൂട്ടിൽ എംസിബിഎസ്

ഉണ്ണിയേശുവിനായി മനസ്സിലും മുറ്റത്തും പുൽക്കൂടു പണിയുന്ന പരിശ്രമങ്ങളിലാണല്ലോ നാമെല്ലാവരും. വി. ഫ്രാൻസീസ് അസ്സീസിയുടെ ആഗ്രഹമനുസരിച്ച് 1223 ൽ അദ്ദേഹത്തിന്റെ സുഹൃത്തായ ഗ്രീസിയോയിലെ ജോൺ ആദ്യമായി നിർമ്മിച്ച പുൽക്കൂടു മുതൽ നാളിതുവരെയും പ്രപഞ്ചനാഥന്റെ പിറവിക്കുള്ള ഒരുക്കത്തിന്റെ അഭിവാജ്യഘടകമായി പുൽക്കൂട് മാറിയിരിക്കുന്നു. മൂല്യങ്ങളും പുണ്യങ്ങളും പടിയിറങ്ങുന്ന മനുഷ്യ മനസുകളുടെ ഒത്തുകൂടലാകുന്ന ഇന്നത്തെ കുടുംബ, ഇടവകസമൂഹവേദികളിൽ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മനസ്സ് പങ്കിടലിന്റെയുമൊക്കെ ദാരിദ്ര്യാവസ്ഥയ്ക്ക് സഭ സാക്ഷിയാവുന്നുണ്ട്. അർത്ഥ ശൂന്യതയുടെ കരിനിഴലാർന്ന മനുഷ്യചിന്തകൾക്ക് ഓരോ പിറവിതിരുനാളുകളും അവധി ദിനങ്ങളുടെ ആഘോഷങ്ങൾക്കുമപ്പുറം ഒന്നും പ്രധാനം ചെയ്യുന്നില്ല എന്നത് സങ്കടകരമാണ്. ഇതിന്റെ ഈ പിഴവുകൾക്കുള്ള കാരണവും പരിഹാരവും പഠിപ്പിക്കുന്ന കളരിയായ പുൽക്കൂടുകളിലേക്ക് ധ്യാനലീനരായി കടന്നു ചെല്ലാം.



സാധാരണങ്ങളും നിസ്സാരങ്ങളുമായ വസ്തുക്കൾ ഉപയോഗിച്ചു നിർമ്മിക്കുന്ന പുൽക്കൂട് മനുഷ്യന്റെ ഇല്ലായ്മയെ വരിക്കുന്ന ദൈവപുത്രന്റെ എളിമയുടെ പ്രതീകമാണ്. ഒന്നുമല്ലാത്ത പുൽക്കൂടിനെ തന്റെ ദിവ്യസാന്നിധ്യത്താൽ

എല്ലാമാക്കി തീർത്തു ദൈവപുത്രൻ. ആ പുൽക്കൂട്ടിൽ നാം കാണുന്നത് പ്രകൃതിയും ജീവജാലങ്ങളും നക്ഷത്രങ്ങളും മാലാഖമാരും ആകാശവും ഭൂമിയും ഒന്നുചേർന്ന മഹാത്ഭുതമാണ്. അനിർവചനീയമായ ദിവ്യാനുഭൂതി അന്തർലീനയമായിരിക്കുന്ന ആ പുൽക്കൂടിന്റെ സംഗമത്തിൽ പുണ്യങ്ങളുടെ സമ്പന്നത ദർശിക്കാനാവും.

മുത്തലാഖും, സ്ത്രീസുരക്ഷയും പോലുള്ള ലിംഗ അസമത്വത്തിന്റെയും വർണ്ണവർഗ്ഗ വിവേചനങ്ങളിൽ പിടഞ്ഞ് വീഴുന്ന ജീവനുകളുടെയും നോട്ടുനിരോധനത്തിന്റെയും കള്ളപണത്തിന്റെയും നിഴലിൽ കാണുന്ന സാമ്പത്തിക അസമത്വത്തിന്റെയും ഉദാഹരണങ്ങൾ പത്രത്താളുകളിൽ വാർത്തകളായി നിറയുമ്പോൾ സ്ത്രീയും പുരുഷനും രാജാക്കന്മാരും ഇടയന്മാരും സമഭാവനയോടെ നിൽക്കുന്ന പുൽക്കൂടിനെക്കാൾ സമത്വത്തിന് എന്ത് മാതൃകയാണ് ഉള്ളത്.

ഐ.എസ്., മാവോവാദികൾ തുടങ്ങിയ മതരാഷ്ട്രീയ തീവ്രവാദികൾ അസമാധാനത്തിന്റെ പുകചുരുളുകളാൽ ഭൂലോകത്തെ നിറയ്ക്കുമ്പോൾ സമാധാന സന്ദേശവുമായി (യോഹ 14:27) പിറന്ന ദൈവപുത്രന്റെ പുൽക്കൂട്ടിൽ മനുഷ്യമനസാക്ഷികളെ ചിന്തിപ്പിക്കണം.

സാഹോദര്യം വിസ്മൃതിയിൽ ആണ്ടുപോയ സമൂഹത്തിന്റെ മുമ്പിലാണ് പുൽക്കൂട്ടിലെ സഹോദര്യത്തിന്റെ മാതൃക മാറ്റത്തിന്റെ സന്ദേശം നൽകുന്നത്. മനുഷ്യൻ മൃഗങ്ങളെയും മൃഗങ്ങൾ മനുഷ്യരെയും ഉപദ്രവിക്കുന്നതിന്റെയും പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിന്റെയും നിരവധി ഉദാഹരണങ്ങൾ നമുക്കു ചുറ്റും അനുദിനം നിറയുമ്പോൾ മനുഷ്യരും മൃഗങ്ങളും പ്രകൃതിയും സഹോദരങ്ങളെപ്പോലെ ഒരേ കൂരയ്ക്കു കീഴിൽ നിൽക്കുന്ന പുൽക്കൂട് എത്ര ആശയ സംപുഷ്ടമാണ്.

ഐ.എസ്., മാവോവാദികൾ തുടങ്ങിയ മതരാഷ്ട്രീയ തീവ്രവാദികൾ അസമാധാനത്തിന്റെ പുകചുരുളുകളാൽ ഭൂലോകത്തെ നിറയ്ക്കുമ്പോൾ സമാധാന സന്ദേശവുമായി (യോഹ 14:27) പിറന്ന ദൈവപുത്രന്റെ പുൽക്കൂട്ടിൽ മനുഷ്യമനസാക്ഷികളെ ചിന്തിപ്പിക്കണം. അവിടെ സന്നിഹിതരായിരിക്കുന്ന ഓരോരുത്തരും അനുഭവിക്കുന്ന സമാധാനം എത്ര ഹൃദ്യമാണെന്ന് തിരിച്ചറിയാൻ എന്നാണ് നമുക്ക് സന്മനസുണ്ടാവുക.

പുൽക്കൂട്ടിൽ നിരത്തിയിരിക്കുന്ന മൺപ്രതിമകളെ ഒന്നു ശ്രദ്ധിക്കുക. മൃഗങ്ങളുടെപോലും മുഖത്ത് സന്തോഷത്തിന്റെ നറുപുഞ്ചിരി കാണാനാവുന്നില്ലേ. പുൽക്കൂട്ടിലെ എല്ലാവരും സന്തോഷവാന്മാരാണ്. അധരത്തിൽ പുഞ്ചിരി വിരിയുന്ന സന്തോഷം. മാർച്ച് 12 അന്താരാഷ്ട്ര സന്തോഷദിനമായി ആഘോഷിക്കുമ്പോഴും ക്രൈസ്തവ കുടുംബങ്ങളിലും ഇടവകൂട്ടായ്മകളിലും എത്രപങ്ങേ അന്യം നിന്നുപോയി ഈ സന്തോഷം. ഇന്റർനെറ്റും മദ്യമയക്കുമരുന്നുപയോഗങ്ങളും അലൗകികമായ പുൽക്കൂടിന്റെ സന്തോഷം നൽകില്ല എന്ന തിരിച്ചറിവ് ഉണ്ടാവട്ടെ.

പുൽക്കൂട്ടിലെ നക്ഷത്രം തന്റെ പ്രകാശവും മാലാഖമാർ ദിവ്യത്വവും രാജാക്കന്മാർ തങ്ങളുടെ സമ്മാനങ്ങളും ഇടയന്മാർ അവരുടെ മനസും മാതാവും യൗസേപ്പിതാവും സ്വന്തം ജീവിതവും പശുക്കൾ അവരുടെ സ്ഥലവും ദൈവപുത്രനു മുമ്പിൽ സമ്പൂർണ്ണമായി സമർപ്പിച്ചുനിൽക്കുന്നത് ശ്രദ്ധിക്കാതിരിക്കാൻ നമുക്ക് കഴിയില്ല. വ്യക്തിജീവിതങ്ങളിലും കുടുംബങ്ങളിലും ഇന്നത്തെ തലമുറയ്ക്ക് മുമ്പിൽ ഇവർ ചോദ്യചിഹ്നങ്ങളാകുന്നു. ആത്മാർത്ഥ സമർപ്പണത്തിന്റെ ചൂടേൽക്കാതെ ബന്ധങ്ങൾ മുളച്ചു വരികയില്ല. പടർന്ന് പന്തലിക്കുകയുമില്ല.

ഒന്നിലും തൃപ്തരാകാതെ, സംതൃപ്തിതേടി അലയുന്ന യുവമനസുകൾക്ക് പുൽക്കൂട്ടിലെ സാന്നിധ്യങ്ങൾ നൽകുന്നത് സംതൃപ്തമായ മനോഭാവത്തിന്റെ വെല്ലുവിളിയാണ്. ജീവിതത്തിന്റെ അസംതൃപ്തി ആയുസിന്റെ അളവ് കുറയ്ക്കുമ്പോൾ യഥാർത്ഥ സംതൃപ്തി അന്വേഷിക്കുന്നവർക്ക് പുൽക്കൂട് പാഠപുസ്തകമാണ്.

ദാരിദ്ര്യത്തിന്റെ പ്രതീകമായ പുൽക്കൂടിനെ സമത്വം, സഹോദര്യം സമാധാനം, സന്തോഷം സമർപ്പണം, സംതൃപ്തി തുടങ്ങിയ നന്മകളാൽ സമ്പന്നമാക്കിത്തീർത്ത് എന്താണെന്ന് നാം ചിന്തിക്കണം. ഇന്ന് നമ്മുടെ കുടുംബങ്ങളും ഇടവകകളും സമൂഹങ്ങളും ആധുനികതയുടെ സമ്പന്നത കൈവരിക്കുമ്പോൾ പുണ്യങ്ങളുടെ ദാരിദ്ര്യാവസ്ഥയിലേക്കും മനുഷ്യ-മനുഷ്യ, ദൈവ-മനുഷ്യ ബന്ധങ്ങളുടെ തകർച്ചയിലേക്കും നീങ്ങുന്നു എന്നതാണ് യഥാർത്ഥ്യം. ഈ സാഹചര്യത്തലാണ് പുണ്യസമ്പന്നമായ മനസ്സും കുടുംബവും സമൂഹവും കെട്ടിപടുക്കാൻ മൂന്ന് കാര്യങ്ങൾ പുൽക്കൂട് പറഞ്ഞ് തരുന്നു.

1. ദൈവസാന്നിധ്യം ഉണ്ടാവുക. 2. മനസ്സ് ദൈവത്തിനരികെയായിരിക്കുക. 3. ദൈവീക പ്രകാശത്തിൽ ചുറ്റുപാടുകളെ വീക്ഷിക്കുക. പുൽക്കൂടിനെ പുണ്യഭൂമിയാക്കിയത് കരങ്ങൾ വിടർത്തി, പാൽ പുഞ്ചിരി തൂകി കിടക്കുന്ന പുണ്യങ്ങളുടെ നിറകുടമായ ദൈവസാന്നിധ്യമാണ്. ഇന്ന് മതങ്ങൾ മത്സരിച്ച് മനുഷ്യർക്ക് ആത്മീയ

സാഫല്യം പകർന്നു കൊടുക്കാൻ പരിശ്രമിക്കുമ്പോൾ സ്വാർത്ഥതാത്പര്യങ്ങളാണോ ദൈവസാന്നിധ്യമാണോ കേന്ദ്രബിന്ദു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവം കേന്ദ്രബിന്ദുവായി സാന്നിധ്യം നൽകാത്ത മനസ്സുകളും കുടുംബങ്ങളും മതങ്ങളും പ്രസ്ഥാനങ്ങളും പുണ്യശോഷണത്തിന്റെ നരകാനുഭവം നൽകുന്നവയായിരിക്കും.

രണ്ടാമതായി നാം തിരിച്ചറിയേണ്ടത് പുൽക്കൂട്ടിലെ എല്ലാരൂപങ്ങളും ദൈവപുത്രനെ നോക്കിയാണ് നിൽക്കുക എന്ന സത്യമാണ്. നോട്ടം ആകാംക്ഷയാണെങ്കിൽ നോക്കിനിൽക്കുന്നത് അർപ്പണമാണ്. ദൈവപുത്രന്റെ സാന്നിധ്യത്തിൽ മനസ്സും ചിന്തകളും ഇന്ദ്രിയങ്ങളും അവന്റെ ചാരത്ത് അർപ്പിച്ചു നിൽക്കുന്നവർക്ക് ചുറ്റുമുള്ളവരെ എങ്ങനെ ഉപദ്രവിക്കാനാവും കുറ്റംവിധിക്കാനാവും തരംതാഴ്ത്താനാവും.

പുൽക്കൂട് പ്രകാശിതമാകുന്നത് ദൈവപുത്രന്റെ ദൈവീക പ്രഭാവത്തിലായതിനാൽ ചുറ്റുമുള്ളവരെയും ചുറ്റുപാടുകളെയും അവർ ദർശിച്ചത് ദൈവീക പ്രകാശത്തിലാണ്. ഇരു കരങ്ങളും വിടർത്തി എന്നെ സ്വീകരിക്കൂ, ഞാൻ സ്വീകരിക്കാം എന്ന പിഞ്ചുമനസിന്റെ പ്രകടനം പ്രകാശിതമാകുന്ന പുൽക്കൂട്ടിൽ മനുഷ്യൻ മനുഷ്യനെ മനുഷ്യനായും മൃഗങ്ങളെ ദൈവസൃഷ്ടികളായും പ്രകൃതിയെ ദൈവസാന്നിധ്യ വേദിയായും സ്വീകരിക്കുന്നു. അവിടെ ചൂഷണത്തിന്റെ ചിന്തകളില്ല. ഉപഭോഗസംസ്ക്കാരത്തിന്റെ വേരോട്ടമില്ല. മറിച്ച് എല്ലാം സ്വീകരിക്കാനും പങ്കുവയ്ക്കാനുമുള്ള മഹാമനസ്കൃതമാത്രം.

എത്ര സമ്പന്നമാണ് പുൽക്കൂട്. പൊഴിഞ്ഞുവീണ ക്രിസ്മസ് ദിനങ്ങളിൽ നിന്നും വ്യത്യസ്ഥമായി ആഗതമാകുന്ന ഈ ക്രിസ്മസ് ആഘോഷങ്ങളുടെ ആവർത്തനമായി മാത്രം മാറ്റത്തിന്റെ മണിമുഴക്കനായി പുൽക്കൂടിന്റെ സമ്പന്നത പുൽകാം. ഹൃദയങ്ങളും കുടുംബങ്ങളും ഇടവകയും സമൂഹവും ഈ ഭൂഗോളം മുഴുവനും പുണ്യങ്ങളാൽ സമ്പന്നമായ പുൽക്കൂടായി ഈ പുതുവത്സരത്തിലേക്ക് പ്രവേശിക്കൂ.

